ഇപ്രകാരം അനുമതി നൽകിയ ഡിസ്പെൻസറികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് നിലവിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്.

ഒല്ലൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

19 (466) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതെന്നും അവ ഓരോന്നിനും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ ?

ഉത്തരം

ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ആയതിനു ചെലവാക്കിയ തുകയും സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ പേഷ്യന്റ് എംപ്ലോയീസിന്റെ ആവശ്യങ്ങൾ

20 (467) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലെ പേഷ്യന്റ് എംപ്ലോയീസ് വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അധികാരികൾക്ക് നൽകിയ നിവേദനത്തിലെ ആവശ്യങ്ങൾ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പേഷ്യന്റ് എംപ്ലോയീസിന്റെ കൂലി വർദ്ധന നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) പേഷ്യന്റ് എംപ്ലോയീസിന്റെ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റു കുഷ്ഠരോഗാശുപത്രികളിൽ നൽകുന്ന ആനുകൂല്യങ്ങൾ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലെ പേഷ്യന്റ്സ് എംപ്ലോയീസിന് നൽകാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത 19(466)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും ചെലവാക്കിയ തുകയും

ഒല്ലൂർ മണ്ഡലത്തിൽ 1,00,000 രൂപ ചെലവഴിച്ച് 2 ദിവസത്തെ ആരോഗ്യമേള നടത്തപ്പെട്ടു. ഇതിൽ അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ മേഖലയിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനവും, സൗജന്യ രോഗ നിർണ്ണയവും (എക്സറേ, ലാബ്, സ്കാൻ), മരുന്ന് വിതരണവും, ആരോഗ്യ ബോധവത്ക്കരണ പരിപാടികളും നടത്തി. മണ്ഡലത്തിലുള്ള ഒളകര, താമര വെള്ളച്ചാൽ, തുടങ്ങിയ ആദിവാസി കോളനികളിൽ 61,000 രൂപ ചെലവഴിച്ച് വിദഗ്ധ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും നടത്തി. മണ്ഡലത്തിലെ വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ 50,000 രൂപ ചെലവഴിച്ച് മെഡിക്കൽ ക്യാമ്പ് നടത്തി. മണ്ഡലത്തിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ 16,500 രൂപ ചെലവഴിച്ച് സ്കൂൾ ഹെൽത്ത് പ്രോഗ്രാമും, മണ്ഡലത്തിന്റെ വിവിധ മേഖലകളിൽ ആരോഗ്യ ബോധ വത്ക്കരണ പരിപാടികൾക്കായി 16,500 രൂപ ചെലവഴിച്ചു. മണ്ഡലത്തിലെ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളായ സി.എച്ച്.സി. വെള്ളാനിക്കര, വാണിയമ്പാറ, നടത്തറ, ഒല്ലൂക്കര, പുത്തൂർ, സി.എച്ച്.സി., ഒല്ലൂർ എന്നിവിടങ്ങളിൽ കമ്പ്യൂട്ടറും അനുബന്ധ സംവിധാനങ്ങളും ഒരുക്കുന്നതിന് രണ്ട് ലക്ഷത്തി ഇരുപത്തി ആറായിരം രൂപ ചെലവഴിച്ചു.

സാമൂഹികാരോഗ്യ കേന്ദ്രം വെള്ളാനിക്കര :- കെട്ടിടത്തിന്റെ മേൽക്കൂര നവീകരണം, പ്ലംബിംഗ് വർക്കുകൾ, പെയിന്റിംഗ്, ടൈൽസിടൽ, ടി.വി., ഡി.വി.ഡി., കോമ്പൗണ്ട് വൃത്തിയാക്കൽ, ഫർണിച്ചർ, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, രോഗികൾക്കുള്ള ഇരിപ്പിടം, കുടിവെള്ള സൗകര്യം എന്നിവ ഒരുക്കുന്നതിന് രണ്ട് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ ചെലവഴിച്ചു. വിവിധ സബ്സെന്ററുകളിൽ ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ ഇരിപ്പിടവും മറ്റുസൗകര്യങ്ങളും അറ്റകുറ്റപ്പണികളും, കർട്ടനുകൾ, ഫർണിച്ചറുകൾ എന്നിവ യ്ക്കായി ഒരു ലക്ഷത്തി എഴുപതിനായിരം രൂപ ചെലവഴിച്ചു.

പ്രാഥമികാരോഗ്യകേന്ദ്രം നടത്തറ :- കെട്ടിടത്തിൽ പാസേജ് നിർമ്മാണം, മേൽക്കൂര നവീകരണം, ഹാൾ ടൈൽസിടൽ, ട്രെസ് വർക്ക്, ടി.വി., ഡി.വി.ഡി., കോമ്പൗണ്ട് വൃത്തിയാക്കൽ, ഫർണിച്ചർ, കമ്പ്യൂട്ടർ മോഡം, രോഗികൾക്കുള്ള ഇരിപ്പിടം, കുടിവെള്ള സൗകര്യം എന്നിവ ഒരുക്കുന്നതിന് മൂന്ന് ലക്ഷം രൂപ ചെലവഴിച്ചു. വിവിധ സബ്സെന്ററുകളിൽ ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ ഇരിപ്പിടവും മറ്റു സൗകര്യങ്ങളും അറ്റകുറ്റപ്പണികളും കർട്ടനുകൾ ഫർണിച്ചറുകൾ എന്നിവയ്ക്കായി ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ ചെലവഴിച്ചു.

പ്രാഥമികാരോഗ്യകേന്ദ്രം ഒല്ലൂക്കര :- ക്യാബിൻ നിർമ്മാണം, രോഗികൾക്കും ഓഫീസാവശ്യത്തിനുമായി ഫർണിച്ചർ, അറ്റകുറ്റപ്പണികൾ, ഫർണിച്ചർ റിപ്പയർ, ടി.വി., ഡി.വി.ഡി., ഇന്റർനെറ്റ് കണക്ഷൻ, കമ്പ്യൂട്ടർ സ്കാനർ, പ്രിന്റർ, രോഗികൾക്കുള്ള ഇരിപ്പിടം, കുടിവെള്ള സൗകര്യം എന്നിവ ഒരുക്കുന്നതിന് രണ്ട് ലക്ഷം രൂപ ചെലവഴിച്ചു. വിവിധ സബ്സെന്ററുകളിൽ ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ ഇരിപ്പിടവും മറ്റ് സൗകര്യങ്ങളും അറ്റകുറ്റപ്പണികളും കർട്ടനുകൾ, ഫർണിച്ചറുകൾ എന്നിവയ്ക്കായി ഒരു ലക്ഷത്തി അറുപതിനായിരം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമികാരോഗ്യകേന്ദ്രം പുത്തൂർ :- കെട്ടിടത്തിന്റെ മേൽക്കൂര നവീകരണം, പാസേജ് നിർമ്മാണം, ടൈൽസിടൽ, ടി.വി., ഡി.വി.ഡി., കോമ്പൗണ്ട് വൃത്തിയാക്കൽ, ഫർണിച്ചർ, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും രോഗികൾക്കുള്ള ഇരിപ്പിടം, കുടിവെള്ള സൗകര്യം എന്നിവ ഒരുക്കുന്നതിന് മൂന്ന് ലക്ഷം രൂപ ചെലവഴിച്ചു. വിവിധ സബ്സെന്ററുകളിൽ ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ ഇരിപ്പിടവും മറ്റ് സൗകര്യങ്ങളും, അറ്റകുറ്റപ്പണികളും കർട്ടനുകൾ, ഫർണിച്ചറുകൾ എന്നിവയ്ക്കായി ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ ചെലവഴിച്ചു.

പ്രാഥമികാരോഗ്യകേന്ദ്രം വാണിയമ്പാറ :- ടി.വി., ഡി.വി.ഡി., ഡെലിവറി ടേബിൾ, സിംഗിൾ ബെഡ്, സിറിഞ്ച്/നീഡിൽ ഡിസ്റ്ററേറ്റർ, ഗ്യാസ് കണക്ഷൻ, ഗ്യാസ് സ്റ്റൗ, സ്പോട്ട്ലൈറ്റ് എയൽബാഗ്, ഐ.വി. സ്റ്റാന്റ്, ഡൈലേറ്റൽ സെറ്റ്, ഡെലിവറി സെറ്റ്, ഡ്രസിംഗ് ഡ്രം, റേസർ സെറ്റ്, സ്റ്റെർലൈസർ, ഓട്ടോ ക്ലൈവ് മറ്റ് അനുബന്ധ ഉപകരണങ്ങളും, കോമ്പൗണ്ട് വൃത്തിയാക്കൽ, ഫർണിച്ചർ, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും പെയിന്റിംഗ്, രോഗികൾക്കുള്ള ഇരിപ്പിടം, കുടിവെള്ള സൗകര്യം എന്നിവ ഒരുക്കുന്നതിന് ഒരു ലക്ഷത്തി ഇരുപത്തിനാലായിരത്തി എഴുനൂറ് രൂപ ചെലവഴിച്ചു. വിവിധ സബ്സെന്ററുകളിൽ ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ ഇരിപ്പിടവും മറ്റ് സൗകര്യങ്ങളും അറ്റകുറ്റപ്പണികളും കർട്ടനുകൾ, ഫർണിച്ചറുകൾ എന്നിവയ്ക്കായി അറുപതിനായിരം രൂപ ചെലവഴിച്ചു.

സാമൂഹികാരോഗ്യകേന്ദ്രം ഒല്ലൂർ :- സി.എച്ച്.സി.-യിൽ വെയ്സ്റ്റ് പിറ്റ് നിർമ്മാണം, ക്യാബിൻ നിർമ്മാണം, മെയിൽ വാർഡ് റിനോവേഷൻ, ടാങ്ക് നിർമ്മാണം, രോഗികൾക്കും ഓഫീസ് ആവശ്യത്തിനുമായി ഫർണിച്ചർ, അറ്റകുറ്റപ്പണികൾ, ഫർണീച്ചർ റിപ്പയർ, ടി.വി., ഡി.വി.ഡി. ഇന്റർനെറ്റ് കണക്ഷൻ, കമ്പ്യൂട്ടർ സ്കാനർ, പ്രിന്റർ, വാട്ടർ ഹീറ്റർ റിപ്പയറിങ്ങിനുമായി രണ്ടു ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുപത്തിയഞ്ചുരൂപ ചെലവഴിച്ചു. വിവിധ സബ്സെന്ററുകളിൽ ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ ഇരിപ്പിടവും മറ്റ് സൗകര്യങ്ങളും, അറ്റകുറ്റപ്പണികളും കർട്ടനുകൾ, ഫർണിച്ചറുകൾ എന്നിവയ്ക്കായി ഒരു ലക്ഷത്തി അറുപതിനായിരം രൂപ ചെലവഴിച്ചു.

പ്രാഥമികാരോഗ്യകേന്ദ്രം മാടക്കത്തറ :- കെട്ടിടത്തിൽ ടൈൽസ് ഇടൽ, ടി.വി., ഡി.വി.ഡി., കോമ്പൗണ്ട് വൃത്തിയാക്കൽ, ഫർണിച്ചർ, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും രോഗികൾക്കുള്ള ഇരിപ്പിടം, കുടിവെള്ള സൗകര്യം എന്നിവ ഒരുക്കുന്നതിന് രണ്ട് ലക്ഷം രൂപ ചെലവഴിച്ചു. വിവിധ സബ്സെന്ററുകളിൽ ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ ഇരിപ്പിടവും മറ്റു സൗകര്യങ്ങളും, അറ്റകുറ്റപ്പണികളും കർട്ടനുകൾ, ഫർണിച്ചറുകൾ എന്നിവയ്ക്കായി ഒരു ലക്ഷത്തി അമ്പതിനായിരം രൂപ ചെലവഴിച്ചു.

ജി.ഒ.(എംഎസ്.) നമ്പർ 568/2008/എച്ച്.എഫ്.ഡബ്ല്യു.ഡി., തിരുവനന്തപുരം, 6-1-2008 പ്രകാരം ഗവ. ഡിസ്പെൻസറി പട്ടിക്കാടിനെ പി.എച്ച്.സി. പദവിയിലേക്ക് ഉയർത്തി ഉത്തരവായിട്ടുണ്ട്.

ബ്ലോക്ക് പി.എച്ച്.സി.-കളായ ഒല്ലൂർ, വെള്ളാനിക്കര എന്നിവയെ ജി.ഒ.(എംഎസ്.) നമ്പർ 568/08/എച്ച്.എഫ്.ഡബ്ല്യു.ഡി. തിരുവനന്തപുരം 6-1-2008 പ്രകാരം സി.എച്ച്.സി.-യാക്കി ഉയർത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly